ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 30137.05 ലക്ഷം രൂപയുടെയും കെട്ടിട വിഭാഗത്തിൽ 5190 ലക്ഷം രൂപയുടെയും ദേശീയപാതാ വിഭാഗത്തിൽ 1415 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികൾക്കും 5177 ലക്ഷം രൂപയുടെ മേജർ പ്രവൃത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

ടെണ്ടർ നടപടികൾ

213 (1941) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്ന പ്രവൃത്തിക്ക് ടെണ്ടർ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയ്ക്കുള്ള ടെണ്ടറാണ് നൽകിയിട്ടുള്ളത് ; ആർക്കാണ് ടെണ്ടർ നൽകിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) പ്രവൃത്തി തുടങ്ങാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ നിർമ്മാണ പ്രവൃത്തി 1,85,48,844 രൂപയ്ക്ക് കെ. അബ്ദു എന്ന കരാറുകാരന് 25% അധിക തുകയിൽ ടെണ്ടർ നൽകിയിട്ടുണ്ട്.

(ബി&സി) ഫയർ സ്റ്റേഷന്റെ നിർദ്ദിഷ്ട സൈറ്റ് റയിൽവേട്രാക്കിന് അടുത്തായതിനാൽ റെയിൽവേ അധികൃതരുടെ എൻ. ഒ. സി. ആവശ്യമായതിലാണ് പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിട്ടത്. റെയിൽവേ അധികൃതരുമായി ബന്ധപ്പെട്ട് കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെട്ടിടങ്ങളുടെയും പാലങ്ങളുടെയും രൂപകൽപ്പനയും സ്ട്രക്ച്ചറൽ ഡിസൈനും ഔട്ട്സോഴ്സ് ചെയ്ത നടപടി

214 (1942) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതൊക്കെ സർക്കാർ കെട്ടിടങ്ങളുടെയും പാലങ്ങളുടെയും രൂപകൽപ്പനയും സ്ട്രക്ച്ചറൽ ഡിസൈനും ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ട് ; എത്ര തുക ഇതിനായി നൽകിയിട്ടുണ്ട്. ; ഇനി എത്ര തുക ഇതിനായി ബാക്കി നൽകാനുണ്ട് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കെട്ടിടങ്ങളുടെ രൂപകൽപ്പന ഔട്ട്സോഴ്സ് ചെയ്യുന്നതിന് ചീഫ് ആർക്കിടെക്റ്റ് അനുമതി നൽകിയിട്ടുണ്ട് ; ഇതിനായി എത്ര സംഖ്യ നൽകിയിട്ടുണ്ട് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ കെട്ടിടങ്ങളുടെയും പാലങ്ങളുടെയും രൂപകൽപ്പനയും സ്ട്രക്ച്ചറൽ ഡിസൈനും ഔട്ട്സോഴ്സ് ചെയ്യുവാൻ തീരുമാനമെടുത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഔട്ട്സോഴ്സ് ചെയ്ത കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I-ലും പാലങ്ങളുടെ വിവരങ്ങൾ അനുബന്ധം II-ലും നൽകിയിട്ടുണ്ട്.* 69,53,818 രൂപ നൽകിയിട്ടുണ്ട്. 107,22,001 രൂപ ബാക്കി നൽകാനുണ്ട്.

(ബി) നൽകിയിട്ടില്ല.

(സി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഡിസൈനും മറ്റും തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിൽ നില വിലുള്ള പരിമിതികൾമൂലം കഴിയാതിരുന്ന സാഹചര്യത്തിലാണ് ഔട്ട്സോഴ്സ് ചെയ്തത്.

മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി

215 (1943) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ഒരു മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ വിളിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആരാണ് ടെൻഡർ പിടിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ. ;

(ഡി) ടെൻഡർ പിടിച്ചതിനുശേഷം പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി എത്ര ദിവസത്തിനകം ലഭ്യമാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) 14-7-2009-ൽ ഹരിപ്പാട് മിനി സിവിൽസ്റ്റേഷന് ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് 25-10-2010-ൽ എസ്റ്റിമേറ്റ് തുകയുടെ 20% അധികരിച്ച തുകയ്ക്ക് ടെണ്ടർ നൽകിയെങ്കിലും ടി തുകയ്ക്ക് നിർമ്മാണ പ്രവൃത്തി ചെയ്യാൻ കോർപ്പറേഷൻ വിസമ്മതിച്ച സാഹചര്യത്തിൽ 23-12-2010-ൽ കൂടിയ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി 29.9% അധിക നിരക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ടി ശുപാർശ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly